**No. CEE/2123/2017/MDA-2017/TA4**

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## പി. ജി ആയുർവ്വേദ (എം.ഡി.ആയുർവ്വേദ) കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷ 2017-18

1. തിരുവനന്തപുരത്തും, തൃപ്പൂണിത്തുറയിലും, കണ്ണൂരിലുമുള്ള സർക്കാർ ആയുർവ്വേദ കോളേജുകളിലും, കോട്ടയ്ക്കൽ, ഒല്ലൂർ എന്നീ എയ്ഡഡ് ആയുർവ്വേദ കോളേജുകളിലും മറ്റ് സ്വാശ്രയ ആയുർവ്വേദ കോളേജുകളിലേയ്ക്കുമുള്ള 2017-18 അദ്ധ്യയന വർഷത്തെ താഴെ പറയുന്ന ആയുർവ്വേദ ബിരുദാനന്തര ബിരുദ പ്രവേശനത്തിന് അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു..

   (i) കായചികിത്സ, (ii) ശാലക്യതന്ത്രം, (iii) രസശാസ്ത്രഭൈഷജ്യ കല്പനം (iv) ദ്രവ്യഗുണ വിജ്ഞാനം, (v) സ്വസ്ഥവൃത്തം (vi) പ്രസൂതി തന്ത്രവും സ്ത്രീരോഗവും, (vii) ആയൂർവ്വേദ സിദ്ധാന്തവും ദർശനവും (viii) പഞ്ചകർമ്മ, (ix) കൗമാരഭൃത്യ (x) ശല്യതന്ത്രം (xi) മാനസിക (xii) അഗദതന്ത്രം, (xiii) ക്രിയാശാരീരം, (xiv) രോഗനിദാനം

2. <u>പ്രവേശനത്തിനുവേണ്ട യോഗ്യതകൾ:</u>

   (i) **നേറ്റിവിറ്റി**: അപേക്ഷകൻ ഇൻഡ്യൻ പൗരനായിരിക്കണം.

   (ii) **വിദ്യാഭ്യാസ യോഗ്യതകൾ**: സി.സി.ഐ.എം അംഗീകാരമുള്ള കോളേജുകളിൽ നിന്നോ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയിൽ നിന്നു ലഭിച്ചതോ അല്ലെങ്കിൽ കേരളത്തിലെ ഒരു സർവ്വകലാശാല തത്തു ല്യമായി അംഗീകരിച്ചിട്ടുള്ളതുമായ ബി.എ.എം.എസ്./ ആയുർവ്വേദാചാര്യ/ ബി.എ.എം. ബിരുദം. അപേക്ഷ കർ ഓരോ വിഷയത്തിലും തിയറിക്കും പ്രാക്ടിക്കൽ പരീക്ഷയ്ക്കും പ്രത്യേകമായി 50 ശതമാനത്തിൽ കുറയാതെ മാർക്ക് നേടിയിട്ടുള്ളവരായിരിക്കണം. എന്നാൽ 1995 നു മുമ്പ് കേരള ത്തിലെ സർവ്വകലാശാല കളിൽ നിന്നും ബി.എ.എം.എസ്/ബി.എ.എം. പരീക്ഷ പാസ്സായിട്ടുള്ളവർക്ക് തിയറിക്കും പ്രാക്ടിക്കലിനും 50 ശതമാനം മാർക്ക് നേടണമെന്നുള്ള നിബന്ധനയില്ല. **31.08.2017 നോ അതിനുമുമ്പായോ ഇന്റേൺഷിപ്പ് പരിശീലനം പൂർത്തിയാക്കിയവർക്ക് പ്രവേശനത്തിന് അപേക്ഷിക്കാവുന്നതാണ്**. ഇവർ പ്രവേശനത്തിനു മുമ്പായി ബന്ധപ്പെട്ട മെഡിക്കൽ കൗൺസിലിൽ നിന്നുമുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

   (iii) **വയസ്സ്:** അപേക്ഷകർ 31/07/2017 ന് 45 വയസ്സ് കഴിയാത്തവരായിരിക്കണം. പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗ ക്കാർക്കും സർവ്വീസ് ക്വാട്ടയിൽ അപേക്ഷിക്കുന്നവർക്കും 5 വർഷത്തെ വയസ്സിളവ് ഉണ്ടായിരിക്കുന്നതാണ്. എന്നാൽ സർവ്വീസ് വിഭാഗക്കാർക്ക് 31.07.2017 ന് 50 വയസ്സ് കവിയാൻ പാടില്ല.

3. **പ്രവേശന രീതി** : ഐ.എസ്.എം. വകുപ്പിലെ മെഡിക്കൽ ഓഫീസർമാർ, ലക്ഷദ്വീപിൽ നിന്നുള്ള നോമിനി കൾ, എന്നിവർക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റുകൾ ഉൾപ്പെടെയുള്ള സീറ്റുകളിലേയ്ക്കുള്ള പ്രവേ ശനം ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ (AIIA) 2017–ൽ നടത്തിയ പ്രവേശന പരീക്ഷ (AIAPGET-2017)–യുടെ റാങ്കിന്റെ അടിസ്ഥാനത്തിലായിരിക്കും.

4. **ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട വിധം**: സർവ്വീസ് വിഭാഗക്കാർ ഉൾപ്പെടെയുള്ള എല്ലാ അപേക്ഷകരും **<u>www.cee.kerala.gov.in</u>** എന്ന പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റ് മുഖാന്തിരം **ഓൺലൈനായി 16.10.2017 മുതൽ 19.10.2017 വൈകുന്നേരം 5 മണി** വരെ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. പ്രോസ്പെക്ടസും ഓൺലൈൻ അപേക്ഷാ ഫോറവും **15.10.2017** മുതൽ വെബ്സൈറ്റിൽ ലഭ്യമാണ്. AIAPGET-2017-ൽ യോഗ്യത നേടിയ അപേക്ഷകർ (സർവ്വീസ് ക്വാട്ടയിലേയ്ക്ക് അപേക്ഷിക്കുന്നവർ ഉൾപ്പെടെ) ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾ നിശ്ചിത ഫീസ് ഓൺലൈൻ പേയ്മെന്റായോ, ഇ–ചെലാൻ മുഖേനയോ അടയക്കേണ്ടതാണ്. ഇ–ചെലാൻ വഴി ഫീസ് ഒടുക്കുന്നവർ ഓൺലൈനായി അപേക്ഷ സമർപ്പിക്കുമ്പോൾ ലഭിക്കുന്ന ഇ–ചെലാൻ ഉപയോഗിച്ച് പണമായി കേരളത്തിലെ ഏതെങ്കിലും ഹെഡ്/സബ് പോസ്റ്റാഫീസുകളിലോ അടയ്ക്കേണ്ടതാണ്. ഫീസ് ഒടുക്കിയ ശേഷം അപേക്ഷകന്റെ ഫോട്ടോ, ഒപ്പ്, സർട്ടിഫിക്കറ്റ്/മറ്റ് അനുബന്ധ രേഖകൾ,,AIAPGET-2017-ന്റെ 'Mark sheet-cum-Result Certificate' എന്നിവ അപ്ലോഡ് ചെയ്യേണ്ടതാണ്.

സർവ്വീസ് ക്വാട്ടയിലേയ്ക്ക് അപേക്ഷിക്കുന്നവർ (ഐ.എസ്.എം. വകുപ്പിലെ മെഡിക്കൽ ഓഫീസർമാർ) ഓൺലൈൻ അപേക്ഷാ ഫോമിന്റെ പ്രിന്റൗട്ട് എടുത്ത് നിർദ്ദിഷ്ട സ്ഥാനത്ത് ഒപ്പിടുകയും ഫോട്ടോ (AIAPGET-2017-ന് സമർപ്പിച്ച അതേ ഫോട്ടോ) പതിപ്പിച്ച് ഗസറ്റഡ് ഓഫീസറെകൊണ്ട് സാക്ഷ്യപ്പെടുത്തുകയും, അപേക്ഷാ ഫോമിൽ മേലധികാരിയുടെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് (NOC) ഉൾപ്പെടെയുള്ള ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ/അനുബന്ധ രേഖകൾ സഹിതം **ആയുർവ്വേദ ഡയറക്ടർ, ആരോഗ്യഭവൻ, എം.ജി.റോഡ്, തിരുവനന്തപുരം** എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.

**അപേക്ഷയുടെ പ്രിന്റൗട്ട്, സർട്ടിഫിക്കറ്റ്/മറ്റ് അനുബന്ധ രേഖകൾ എന്നിവ പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലേയ്ക്ക് അയക്കേണ്ടതില്ല.**

ജനറൽ വിഭാഗക്കാർ (സർവ്വീസ് വിഭാഗക്കാർ ഉൾപ്പെടെ) **1000/- രൂപയും,** SC/ST വിഭാഗക്കാർ **500/-രൂപയും** ഒടുക്കേണ്ടതാണ്. ജനറൽ ക്വാട്ടയിലേയ്ക്ക് അപേക്ഷിക്കുന്ന സർവ്വീസ് വിഭാഗക്കാർ **1000/- രൂപ** അധികമായി ഒടുക്കേണ്ടതാണ്. ജനറൽ ക്വാട്ട സീറ്റുകളിൽ ഒരിക്കൽ ഒടുക്കിയ ഫീസ് റീഫണ്ട് ചെയ്യുന്നതല്ല. പ്രോസ്പെക്ടസ് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതാണ്.

5. **ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിയും സമയവും:** ബിരുദാനന്തര ബിരുദ ആയുർവേദ 2017 കോഴ്സിലേയ്ക്ക് അപേക്ഷിക്കുന്നവർ ഓൺലൈനായി സമർപ്പിച്ച അപേക്ഷയോടൊപ്പം പ്രോസ്പെക്ടസ് ക്ലോസ് **9.2.4** ൽ സൂചിപ്പിച്ചിട്ടുള്ള സർട്ടിഫിക്കറ്റ്/അനുബന്ധ രേഖകൾ എന്നിവ **19.10.2017 വൈകുന്നേരം 5 മണി**യ്ക്ക് മുൻപായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടിന്റെ കോപ്പി കൈവശം സൂക്ഷിക്കേണ്ടതാണ്.
6. ഓൺലൈനായി അപേക്ഷ സമർപ്പിച്ചതിനു ശേഷം സർട്ടിഫിക്കറ്റ്/അനുബന്ധ രേഖകൾ പുതുതായി ഉൾപ്പെടുത്താൻ അനുവദിക്കുന്നതല്ല.
7. അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പ് അപേക്ഷാർത്ഥികൾ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമായ പ്രോസ്പെക്ടസിലെ വിശദാംശങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

Santhosh Kumar

തിരുവനന്തപുരം

15.10.2017

**പ്രവേശന പരീക്ഷാ കമ്മീഷണർക്കുവേണ്ടി**